**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5580** **15-03-2023 - ൽ മറുപടിയ്ക്ക്**

**പബ്ലിക് ഓപ്പൺ ജിമ്മുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിക്കുന്ന പബ്ലിക് ഓപ്പൺ ജിമ്മുകളിൽ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിനായി എന്തെങ്കിലും മാർഗ്ഗനിർദേശങ്ങൾ നൽകുന്നുണ്ടോ; | (എ) | **ഓപ്പൺ ജിമ്മുകളിൽ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിദഗ്ദ്ധാഭിപ്രായം തേടിയിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | **നിലവിൽ ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധ അഭിപ്രായം തേടിയിട്ടില്ല. ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ച് വിദഗ്ദ്ധ അഭിപ്രായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | ഓപ്പൺ ജിം ഫിറ്റ്നസ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ അതത് സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | **ഓപ്പൺ ജിം സ്ഥാപിക്കുന്ന സമയത്ത് ഓരോ ജിം ഫിറ്റ്നസ് ഉപകരണങ്ങളുടെയും സമീപം അത് ഉപയോഗിക്കേണ്ട രീതിയും പ്രസ്തുത ഉപകരണം ഉപയോഗിക്കുന്നതുകൊണ്ട് ശരീരത്തിലെ ഏത് അവയവത്തിനാണ് ഈ വ്യായാമം കൊണ്ട് പ്രയോജനമുണ്ടാകുന്നത് എന്നുമുള്ള വിവരങ്ങൾ അടങ്ങുന്ന പ്ലക്കാർഡ് പ്രദർശിപ്പിക്കുന്നതായിരിക്കും.** |

സെക്ഷൻ ഓഫീസർ